**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Apurva Tripathi IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനക്കാര്യം - ഫെയർകോപ്പി സുപ്രണ്ട് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/2557/2023-DEE4>തീയതി:09-07-2026

പരാമർശം: 1) 19.10.2023 തീയതിയിലെ LSGD/PD/32946/2023-GEA2 നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്
2) GO(P) 27/21/FIN dated: 10.02.2021

**ഉത്തരവ്**

മുൻ ഗ്രാമവികസന വകുപ്പിലെ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ വി.ഷാജിൽകുമാർ എന്നവർ 30/04/2026-ന് സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതിനെ തുടർന്ന് ഫെയർകോപ്പി സൂപ്രണ്ടിന്റെ ഒരു ഒഴിവ് നിലവിൽ വന്നിട്ടുള്ളതാണ്. മുൻ ഗ്രാമവികസന വകുപ്പിലെ പരാമർശം (1) ടൈപ്പിസ്റ്റ് സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 7 ആയി ഉൾപ്പെട്ടിട്ടുള്ളതും, നിലവിൽ ടി തസ്തികയിൽ സീനിയറുമായ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീമതി.ആർ . ഗിൽഡയെ 43400-91200 ശമ്പളസ്കെയിലിൽ മേൽ പ്രകാരമുള്ള ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേക്ക് ഉദ്യോഗക്കയറ്റം നൽകി തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ നിലവിലെ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. മേൽപ്രകാരമുള്ള ഉദ്യോഗക്കയറ്റം കെ.എസ്..എസ്.എസ്.ആർ റൂൾ 31 (എ) (1) വ്യവസ്ഥകൾക്ക് വിധേയവും തികച്ചും താൽക്കാലികവും പുനഃപരിശോധനയ്ക്ക് വിധേയവുമായിരിക്കും.

ഉദ്യോഗക്കയറ്റം ലഭിച്ച മേൽ ജീവനക്കാരിയുടെ നിയമനം 2026 -ലെ പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം/നിയമനം നൽകുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാരിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി ഉദ്യോഗക്കയറ്റം ലഭിക്കുന്ന ജീവനക്കാരിയുടെ ശമ്പളം പുനർനിർണയിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത (2) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്.

Apurva Tripathi IAS
DIRECTOR

ശ്രീമതി.ആർ . ഗിൽഡ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. പ്രിൻസിപ്പൽ ഡയറക്ടർ ( സി എ മുഖേന)
2. ജില്ലാ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം .
3. സൂപ്രണ്ട്, IE സെക്ഷൻ, GEA സെക്ഷൻ (സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് )
4. സൂപ്രണ്ട്, IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Apurva Tripathi
Date: 09-07-2026
15:27:55